വൈദ്യനാഥൻ പാക്കേജ് നടപ്പാക്കുന്നതിന് തടസ്സങ്ങൾ

8 (5413) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യനാഥൻ പാക്കേജ് സംസ്ഥാനത്ത് നടപ്പാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ് ;

(ബി) പ്രസ്തുത പാക്കേജ് എന്നത്തേക്ക് നടപ്പാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളിലെ സാമ്പത്തിക പാക്കേജ് പൊതുവേ അംഗീകരിക്കാവുന്നതാണെങ്കിലും അതിന് നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ സംസ്ഥാനത്തെ സഹകരണമേഖലയ്ക്ക് ദോഷം ചെയ്യുന്നതും സഹകരണ പ്രസ്ഥാനത്തെ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽനിന്നും വേർപെടുത്തി റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാനും പ്രസ്ഥാനത്തിന്റെ സ്വയം ഭരണാധികാരവും ജനാധിപത്യ സ്വഭാവവും സാമൂഹ്യ പ്രതിബദ്ധതയും ഇല്ലാതാക്കാനും സഹകരണ പ്രസ്ഥാനങ്ങളുടെ പ്രയോജനം സമൂഹത്തിലെ സാധാരണക്കാർക്കും മറ്റ് ദുർബ്ബല വിഭാഗങ്ങൾക്കും നിഷേധിക്കുന്നതിനും ഇടയാക്കുന്നതാണെന്ന വിലയിരുത്തലിൽ ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങളാണ് കേരളത്തിലെ സഹകാരി സമൂഹത്തിൽ നിന്നും ഉയർന്നുവന്നിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തിന് യോജിച്ച തരത്തിലും സംസ്ഥാന താൽപ്പര്യം സംരക്ഷിച്ചുകൊണ്ടും പാക്കേജ് നടപ്പാക്കുന്നതിന് അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ഇതുസംബന്ധിച്ച് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും ചർച്ചകൾ നടത്തുകയുമുണ്ടായി.

(ബി) കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തിന് യോജിച്ച തരത്തിലും സംസ്ഥാന താൽപ്പര്യം സംരക്ഷിച്ചുകൊണ്ടും പാക്കേജ് നടപ്പാക്കുന്നതിന് അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സഹകരണ വകുപ്പുമന്ത്രി കേന്ദ്രധനകാര്യ വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 11-12-2009-ന് ഡൽഹിയിൽ വച്ച് കേന്ദ്ര സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥതല ചർച്ച നടക്കുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ റിസർവ്വ് ബാങ്ക്, നബാർഡ് പ്രതിനിധികളും പങ്കെടുത്തിരുന്നു. പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ച് യോഗം വിശദമായി ചർച്ച ചെയ്തു. കേരളത്തിലെ സഹകരണ മേഖലയിലെ വർദ്ധിച്ച നിക്ഷേപ അടിത്തറ, മറ്റ് ബാങ്കിംഗ് ഇടപാടുകളിലെ സഹകരണ മേഖലയുടെ പങ്ക്, സർക്കാരിന്റെ വിവിധ പദ്ധതികൾ സാമൂഹ്യ പ്രതിബദ്ധതയോടെ ഏറ്റെടുത്ത് നടപ്പാക്കുന്ന സാഹചര്യം എന്നിവ

LIBRARY ARCHIVES Kerala Legislative Assembly

കണക്കിലെടുക്കുമ്പോൾ പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ചുള്ള കേരളത്തിന്റെ പ്രശ്നങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു എന്ന നിഗമനത്തിൽ യോഗം എത്തിച്ചേരുകയും പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ നബാർഡും കേന്ദ്ര സർക്കാരുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് നബാർഡിനെ യോഗം ചുമതലപ്പെടുത്തുകയുമുണ്ടായി.

ഇക്കാര്യത്തിൽ കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം നേടേണ്ടതുണ്ടെങ്കിൽ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്ത് ഒരു പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് നബാർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ ധാരണാ പത്രം ഒപ്പിടുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധമാണെങ്കിൽ ഒരു പ്രത്യേക കേസ് എന്ന നിലയിൽ കേരളത്തിൽ പാക്കേജ് നടപ്പാക്കുന്നതിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം നേടാമെന്നും യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ഇത് സംബന്ധിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടത് നബാർഡാണ്. ആയതിനായി സംസ്ഥാന സർക്കാർ നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സഹകരണ ആശുപത്രികൾ

9 (5414) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്നത് ;

(ബി) ഇത്തരം സഹകരണ ആശുപത്രികളിൽ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് പൊതുവായ മാനദണ്ഡങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കഴിഞ്ഞ വർഷം ഇത്തരത്തിൽ സൗജന്യ ചികിത്സയ്ക്കായി സഹകരണ ആശുപത്രികളിൽ ആകെ എന്ത് തുക ചെലവാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) മാരക രോഗങ്ങൾക്ക് അടിമപ്പെട്ട പാവപ്പെട്ട രോഗികളുടെ ചികിത്സയ്ക്കൊപ്പം അവരുടെ സാന്ത്വന ചികിത്സയ്ക്കും സഹകരണ ആശുപത്രികളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) സാമ്പത്തിക ശേഷിയില്ലാത്ത ഇത്തരം രോഗികളുടെ കൂട്ടിരിപ്പുകാരായ ബന്ധുക്കളുടെ സഹായത്തിന് ഒരു പ്രത്യേക നിധി രൂപീകരിക്കുന്ന കാര്യം സഹകരണ വകുപ്പിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly